ഉത്തരം

(എ) അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിലെ ശിപായിമാർക്ക് ഒരു വകുപ്പിൽനിന്നും മറ്റൊരു വകുപ്പിലേയ്ക്കുള്ള സ്ഥലംമാറ്റം സംബന്ധിച്ച് പൊതു മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ട്.

(ബി) സാധാരണ ഗതിയിൽ അഞ്ചുവർഷം വരെ.

(സി) പതിനാല്.

(ഡി) ഉണ്ട്.

സെക്രട്ടേറിയറ്റിൽ പി. എസ്. സി. വഴി നടന്നിട്ടുള്ള നിയമനങ്ങളുടെ ജാതി തിരിച്ചുള്ള പട്ടിക

1454. [2194] ശ്രീമതി. ഭാർഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സെക്രട്ടേറിയറ്റിലെ വിവിധ കേഡറിലേക്ക് പബ്ലിക്ക് സർവീസ് കമ്മീഷൻ മുഖേന നടന്നിട്ടുള്ള നിയമനങ്ങളുടെ ജാതി തിരിച്ചുള്ള പട്ടിക മേശപ്പുറത്തു വയ്ക്കാമോ ?

ഉത്തരം

സർക്കാർ ജീവനക്കാരുടെ ജാതി തിരിച്ചുള്ള പട്ടിക പ്രസിദ്ധീകരിക്കുക എന്നത് സർക്കാരിന്റെ നയമല്ലാത്തതിനാൽ ഇപ്രകാരമുള്ള പട്ടിക ലഭ്യമല്ല.

അസിസ്റ്റന്റ്-ടൈപ്പിസ്റ്റ്-സി. എ. പാരിറ്റി

1455. [2195] ശ്രീ. കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അസിസ്റ്റന്റ്-ടൈപ്പിസ്റ്റ്-സി. എ. പാരിറ്റി നിലനിർത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരളാ സെക്രട്ടേറിയറ്റ് എൻ. ജി. ഒ. അസോസിയേഷൻ സമർപ്പിച്ച നിവേദനത്തിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ, വർഷങ്ങളായി അനുഭവിച്ചു പോന്നിരുന്ന അസിസ്റ്റന്റ്-ടൈപ്പിസ്റ്റ്-സി. എ. പാരിറ്റി മറ്റ് യാതൊരു പ്രൊമോഷൻ സാദ്ധ്യതയുമില്ലാത്ത ടൈപ്പിസ്റ്റു മാർക്കും സി. എ. മാർക്കും തുടർന്നും അനുവദിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ;

(സി) ഈ നിവേദനത്തിൻമേൽ എന്തുകൊണ്ടാണ് നടപടികൾ കൈക്കൊള്ളാൻ കാലതാമസം ഉണ്ടായതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ, ബി) നിവേദനം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(സി) പ്രസക്തമായ എല്ലാ വസ്തുതകളും പരിഗണിച്ചിട്ടുമാത്രമേ ഒരു തീരുമാനം സാദ്ധ്യമാകുകയുള്ളൂ.

അസിസ്റ്റന്റ്-സി. എ. പാരിറ്റി

1456. [2196] ശ്രീ. കെ. രാഘവൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly